"ഭരണഭാഷ മാതൃഭാഷ"

നം: എച്ച്3/4930/2019

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്,
തൃശ്ശൂർ,തീയ്യതി 16/03/2019
Phone:0487-2360810,Email:ddedntsr@gmail.com
Website : www.ddethrissur.org

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ,

സർ,

വിഷയം:- ലോക്സഭാ തിരഞ്ഞെടുപ്പ് 2019 - മാതൃകാ പെരുമാറ്റചട്ടം- വിവിധ രാഷ്ട്രീയ കക്ഷികളുടെയും സ്ഥാനാർത്ഥികളുടെയും പോസ്റ്ററുകൾ, പേപ്പറുകൾ, കട്ടൗട്ടുകൾ, ബോർഡുകൾ, ബാനറുകൾ, കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നത്-സംബന്ധിച്ച്.

സൂചന:-
1. ജില്ലാ വരണാധികാരി & ജില്ലാ കളക്ടറുടെ 11.03.2019 ലെ ഇ.എൽ.1-13561/19 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 14.03.2019 ലെ ഇതേ നമ്പറിലുള്ള പുറത്തെഴുത്ത്.

*****

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം തൃശ്ശൂർ ജില്ലയിലെ എല്ലാ ഗവൺമെന്റ്/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളിലെയും ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിലെയും കെട്ടിടങ്ങളിലും വസ്തുവകകളിലും കോമ്പൗണ്ടുകളിലും പരിസരത്തും വിവിധ രാഷ്ട്രീയ കക്ഷികളുടെയും സ്ഥാനാർത്ഥികളുടെയും പോസ്റ്റുകൾ/പേപ്പറുകൾ, കട്ടൗട്ടുകൾ, ബോർഡുകൾ, ബാനറുകൾ, കൊടികൾ മുതലായവ 24 മണിക്കൂറിനകം മാറ്റേണ്ടതാണെന്ന് അറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഈ നിർദ്ദേശം നടപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ട് താങ്കളുടെ കീഴിലുള്ള എല്ലാ സ്കൂളുകളിൽ നിന്നും ശേഖരിച്ച് 18.03.2019 ന് 4 മണിക്കകം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്. 2019 ലോകസഭാ തിരഞ്ഞെടുപ്പ് സംബന്ധിച്ച വിഷയമായതിനാൽ നിർബന്ധമായും സമയപരിധി പാലിച്ചുകൊണ്ട് റിപ്പോർട്ട് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർക്കുവേണ്ടി

എൻ.ആർ 16/3

Scanned by CamScanner